Talented Bankers Literary Panel
പുസ്തക പരിചയം 279

അങ്കമാലിയിലെ മാങ്ങാക്കറിയും വില്ലുവണ്ടിയും മറ്റു കഥകളും.
രേഖാ കെ

പരിചയപ്പെടുത്തുന്നത്,
അഭിലാഷ് പി
ബാങ്ക് ഓഫ് ബറോഡ
പെരിന്തൽമണ്ണ ശാഖ

ബാങ്കിലെ ഇരകളെ നമുക്ക് നല്ല പരിചയം കാണും.
ഒരു പ്രത്യേക ലോകം!!. എത്ര പുരോഗമിച്ചാലും ഒരു ഓഡിറ്റർ വന്നു പോയിക്കഴിയുമ്പോൾ മുമ്പ് അവിടെ ഉണ്ടായിരുന്നവർ നമ്മളെക്കാൾ ശ്രദ്ധ കുറഞ്ഞവരായി കാണപ്പെടും.
അവർ വലിയ സുഹൃദ്വലയം ഇല്ലാത്തവരാണെങ്കിൽ അവരെക്കുറിച്ച് വില്ലൻ റോളുള്ള കഥകൾ ഇറങ്ങും.. ബാങ്കിലെ തൂണിന് വരെ നാവ് വരും.
ഇരകൾ സൃഷ്ടിക്കപ്പെട്ട് കഴിഞ്ഞാൽ പിന്നെ അവരുടെ ഭാവി നിർണ്ണയിക്കുന്നത് നമ്മുടെ പലരുടെയും നാവുകളാണ്. ഒരു ദിവസം അവർ കുറ്റവിമുക്തരാകും!
ലോകം അത് നമ്മളിലൂടെ അറിയുകേയില്ല.
'അങ്കമാലിയിലെ മാങ്ങാക്കറി' അങ്ങനെ ഒരു അസിസ്റ്റന്റ് ബാങ്ക് മാനേജറുടെ കഥയാണ്.
ഒരു ഫണ്ട് തെഫ്റ്റ് കേസ്.
സസ്പെൻഷനിൽ നിൽക്കുന്ന അവനെ ഒരു റിവ്യൂ മീറ്റിംഗ് കഴിഞ്ഞു വരുന്ന വഴിയിൽ സന്ദർശിക്കുന്ന ലേഡി മാനേജർ.
പ്രവൃത്തിയിലെ ചില കോണുകളിലൂടെ യഥാർത്ഥ കുറ്റവാളിയെ കാണിച്ചു തരുന്ന രേഖ. കെ യുടെ രചനാ വൈഭവം അതുല്ല്യമാണ്.

ഇതിലെ രണ്ടാമത്തെ കഥ വില്ലു വണ്ടി.!
പലപ്പോഴും ആത്മപുച്ഛം കൊണ്ട് തല താഴ്ന്നുപോയി.
എന്തൊരു തീക്ഷണമായ ഉള്ളടക്കം.
ആ കഥ വായിക്കുമ്പോൾ ഞാൻ എന്റെ കോളേജ് ഓർത്തു.
രേഖ. കെ ഇപ്പോൾ അവിടെ അദ്ധ്യാപികയാണ്. (മാവേലിക്കര ബിഷപ്പ് മൂർ കോളേജിൽ ).
എത്രയെങ്കിലും അവിടുത്തെ അനുഭവങ്ങൾ ഉൾചേർന്ന ആ കഥ എനിക്ക് കാണാമായിരുന്നു.
ഒരു മാനേജ്മെന്റ് ക്ലാസ്സിൽ പഠിച്ചു ഉയർന്നു പോയവർ അവരുടെ HOD യുടെ യാത്രഅയപ്പ് ദിവസം കോളേജിൽ വരുന്നതായിരുന്നു വിഷയം.
ബ്ലോക്ക് മെമ്പർ ആയ ശേഷവും പഴയ കൂട്ടുകാരിയെ ജാതിയുടെ കണ്ണിലൂടെ മാത്രം നോക്കിയിരിക്കുന്ന കുറച്ചു മാന്യന്മാർ.. ഒപ്പം മുപ്പത് ലക്ഷം രൂപ വാർഷിക വരുമാനം പോലും മറ്റുള്ളവരുടേതിനേക്കാൾ കുറവായത് കൊണ്ട് തലതാഴ്ത്തി നടക്കുന്ന ഒരു മൂഢൻ.

ഈ കഥ വായിച്ചില്ലായിരുന്നെങ്കിൽ ഈ വർഷം നഷ്ടമായേനെ!
'അവളാര് ' എന്ന കഥയിൽ ഭർത്താവിനും അയാളുടെ കൂട്ടുകാർക്കും വെറും വലിയ രണ്ടു മുലകളായി മാത്രം ജീവിക്കേണ്ടി വരുന്ന ഒരു സ്ത്രീയുടെ കഥയാണ്.
കുറ്റബോധം കൊണ്ട് തലകുനിപ്പിക്കുന്നു രേഖ. കെ.
മറ്റു കഥകൾ 'ഈസ്റ്റർ ലില്ലി '
'അധോലോകം ' തുടങ്ങിയവയാണ്.

FB യിൽ ഇടയ്ക്കിടെ നീണ്ട കുറിപ്പുകൾ എഴുതാറുണ്ട് രേഖ. തിരക്കിനിടയിൽ എഴുതുമ്പോഴും വായനക്കാരോട് നിരന്തരം സംവദിക്കുന്ന അപൂർവ്വം എഴുത്തുകാരിൽ ഒരാൾ.
ബിഷപ്പ് മൂറിലെ ഈ പുതിയ ടീച്ചറിന്റെ എഴുത്തുകൾ ഇനിയും നമ്മളിലേക്ക് എത്തട്ടെ.
പഴയ മനോരമ പത്രക്കാരിയെ മറക്കുന്നില്ല.
ഒപ്പം ഇടയ്ക്കിടെ ആ നാട്ടിക -അന്തിക്കാട് തുടങ്ങി തൃശൂരിന്റെ കഥകളും.

-അങ്കമാലിയിലെ മാങ്ങാക്കറിയും വില്ലുവണ്ടിയും മറ്റു കഥകളും.രേഖ. കെ
മാതൃഭൂമി ബുക്സ്.- വില Rs.170/-